# കാഴ്ചവട്ടം

**വത്സരാജൻ തില്ലങ്കേരി**



**ലോട്ടറി സ്റ്റാളിനുള്ളിലെ ലക്ഷങ്ങളുടെ പ്രഭാപൂരത്തിൽ**
ചിറകു കൊഴിഞ്ഞു പിടയും പരശ്ശതം ഈയലുകൾ
ഓരോ നാഴികകല്ലിനപ്പുറവും ചിരിതൂകുന്ന ഭാഗ്യദേവതയെ
പുറംകാലുകൊണ്ട് തട്ടിയെറിയുന്നതെങ്ങനെ?

കാക്കക്കൊപ്പം വീടിറങ്ങിയൊരച്ഛന്റെ മധുരവും കാത്ത്
വിശപ്പു കൊറിച്ചുറങ്ങിപ്പോയ കുഞ്ഞു മക്കൾ
വിശപ്പും വേദനയുമറിയാതെ കുഞ്ഞുങ്ങൾ വളരരുത്
ഇല്ലായ്മകളുടെ ശിഖരമില്ലെങ്കിൽ കിനാക്കളെവിടെ കൂടു
വെക്കും?
മദ്യശാലക്ക് മുന്നിലെ ഒഴുകുന്ന ക്യൂവിന് മുന്നിൽ ലഹരിയുടെ
വീര്യ പരസ്യം പോലെയച്ഛനും കെട്ടഴിഞ്ഞ മധുരവും
സൂപ്പർ സ്റ്റാറിന്റെ ചോദ്യം വെറുതെയാകരുത്, പക്ഷേ
മദ്യം വിഷമാണെങ്കിൽ വിളമ്പുന്നവനെ എന്തു വിളിക്കും?

ഇന്നലെ പട്ടിണി മരണങ്ങളുടെ സീരിയലുകൾ വന്ന
'നിറംകെട്ട' പത്രമാഫീസിന്ന് ഉന്മൂലനം ചെയ്യപ്പെട്ടു
രോഗവും അവശതയുമാകണം മരണ കാരണം
ജനകീയ ജനാധിപത്യത്തിൽ പട്ടിണി മരിക്കാതിരിക്കുന്നതെ
ങ്ങനെ?

അശാന്തിയുടെ താവളത്തിൽ പറന്നിറങ്ങി വന്ന
അഭിനവ ദേവതയുടെ ഗാഢാലിംഗനത്തിൽ
ദുരിതങ്ങളൊക്കെയും ഞെരിഞ്ഞമർന്നു
ഇനി ഭ്രാന്തിലോ ആത്മാഹുതിയിലോ മുക്തി നേടാം.

●

# ചിലന്തികൾ

**സത്യചന്ദ്രൻ പൊയിൽക്കാവ്**



**ഈ വീടിന്റെ മോന്തായം മുഴുവൻ**
ചിലന്തിവലകളാണ്
കടങ്ങൾ പെരുകും
കടമകൾ മറന്നുപോകും
ലോകം വളരെ ചെറുതായി
മുറ്റത്തിനിപ്പുറത്തേക്ക്
ഒതുങ്ങും

കാഴ്ചയുള്ളവർ
ഒന്ന് മുകളിലേക്ക് നോക്കിയാൽ
മനസ്സിലാകും
നമ്മൾ ചിലന്തികൾക്കു
താഴെയാണെന്ന്
ചിന്തകളിൽ ഒരു ചൂലെങ്കിലും
വീശിയാൽ മതി
ചിലന്തികൾ പറന്നുപോകും
എന്നറിയാതെ നിൽക്കുന്നു നമ്മൾ.

# നീ വന്നത്

**ബിജു വളയന്നൂർ**



**നീ**
വന്നത്:
കരിപുരണ്ട
ചിന്തകളെ
അറുത്തുമാറ്റാൻ.
അശാന്തിയുടെ
കൈവിലങ്ങുകൾ
പറിച്ചെറിയാൻ.
പാതിവെന്ത
സ്വപ്നങ്ങൾക്ക്
കാവലിരിക്കാൻ
അനക്കമറ്റ
നാവുകൾക്ക്
താളമേകാൻ.
നീ വന്നത്:
ക്ലാവു പിടിച്ച
ഓർമകളെ
തൂത്തെറിയാൻ